പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2552 **28-10-2026-ൽ മറുപടിയ്ക്ക്**

ട്രേസ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കാരായി രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ട്രേസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

മറുപടി: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ബിരുദ പഠനം പൂർത്തിയാക്കിയ യുവജനങ്ങൾക്ക് തങ്ങളുടെ പഠന മേഖലയുമായി ബന്ധപ്പെട്ട മെച്ചപ്പെട്ട തൊഴിലുകൾ കണ്ടെത്തുന്നതിന് സഹായകരമായ രീതിയിലുള്ള മികച്ച പരിശീലനം നൽകുക വഴി സാമൂഹികവും സാമ്പത്തികവുമായ മേഖലകളിൽ മുന്നേറുന്നതിന് ഇവരെ പ്രാപ്തരാക്കുക എന്നതാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന TRACE (Training ഫോർ career excellence) പദ്ധതിയുടെ പ്രധാന ലക്ഷ്യം. വകുപ്പ് തലത്തിൽ ലഭ്യമാക്കുന്ന രണ്ട് വർഷ കാലയളവിലെ പരിശീലനത്തിലൂടെ സർക്കാർ ഓഫീസ്സ് സംവിധാനങ്ങൾ പരിചയപ്പെടുന്നതിനും ക്ലറിക്കൽ ജോലികളിലും വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളിലും ഭാഗഭാക്കുകളാകാനും ഇവർക്ക് അവസരം ലഭിയ്ക്കുന്നു. വകുപ്പ് നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പദ്ധതികളിൽ ട്രേസ് ടെയിനികളുടെ സേവനവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുന്നതിലൂടെ സമയബന്ധിതമായും കാര്യക്ഷമമായും പദ്ധതികൾ പൂർത്തിയാക്കുന്നതിന് സാധിയ്ക്കുന്നു. രണ്ട് വർഷ കാലയളവിൽ വകുപ്പിന്റെ വിവിധ ഓഫീസുകൾ മുഖേന ലഭിയ്ക്കുന്ന പരിശീലനത്തിലൂടെ പരിശീലനാർത്ഥികൾ ആർജ്ജിച്ചെടുക്കുന്ന തൊഴിൽ നൈപുണ്യവും പ്രാവീണ്യവും പൊതു /സ്വകാര്യ സ്ഥാപനങ്ങളിൽ മറ്റും നിലവിലുള്ള തൊഴിലവസരങ്ങൾ കണ്ടെത്തി അവ നേടിയെടുക്കുന്നതിനും ആത്മവിശ്വാസത്തോടെ മുന്നേറുന്നതിനും ഇവരെ പ്രാപ്തരാക്കുന്നു.

(ബി) ട്രേസ് പദ്ധതിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് കഴിഞ്ഞ മൂന്നു മാസമായി ഓണറേറിയം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ട്രേസ് പദ്ധതിയിലെ ലീഗൽ ഇന്റേൺഷിപ്പ് (LLB) പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട നിയമ ബിരുദധാരികൾക്ക് ചില ജില്ലകളിൽ തുക വിതരണം

ചെയ്യുന്നതിൽ താൽക്കാലികമായ കാലതാമസം നേരിട്ടിരുന്നു. ഇക്കാര്യം അടിയന്തിരമായി പരിഗണിച്ച് തുക അനുവദിച്ചിട്ടുണ്ട്. ട്രേസ് പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പരിശീലനാർത്ഥികൾക്ക് സമയ ബന്ധിതമായി ഓണറേറിയം അനുവദിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഓണറേറിയം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മറുപടി: പട്ടികജാതി വിഭാഗത്തിലെ ക്ലറിക്കൽ അസ്സിസ്റ്റന്റുമാരുടെ ഓണറേറിയം 2000 രൂപ വർദ്ധിപ്പിച്ച് 12000 രൂപയും SC പ്രമോട്ടർമാരുടെ ഓണറേറിയം 1000 രൂപ വർദ്ധിപ്പിച്ച് 11000 രൂപയും ST പ്രമോട്ടർമാരുടെ ഓണറേറിയം 1000 രൂപ വർദ്ധിപ്പിച്ച് 13500 രൂപയും ആയി നിജപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ